2025 - 2026

# 2025-26

# അക്കാദമിക

# മാസ്റ്റർ പ്ലാൻ.

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| * ICT അധിഷ്ഠിത പഠനം | * സ്മാർട്ട് ക്ലാസ്സ് റൂം | * ഗൃഹസന്ദർശനം |
| * Weekly progress report | * കമ്പ്യൂട്ടർ ലാബ് | * PTA ശാക്തീകരണം |
| * അസംബ്ലി | * ടോയ്‌ലറ്റുകൾ (girls friendly) | * ക്ലാസ് PTA |
| * ക്വിസ് പ്രോഗ്രാം | * അടുക്കള | * സ്കൂൾ വാർഷികം |
| * കലാ കായിക പ്രവൃത്തിപരിചയം | * ലൈബ്രറി | * പഠനാനുബന്ധ പ്രവർത്തനങ്ങൾ |
| * നിരന്തര വിലയിരുത്തൽ | * ICT പ്രവർത്തനങ്ങൾ | * വിലയിരുത്തൽ |
| * ദിനാചരണങ്ങൾ | * കമ്പ്യൂട്ടർ, നെറ്റ് | * ദിനാചരണങ്ങൾ |
| * ലൈബ്രറി | * ഡിജിറ്റൽ സൗകര്യങ്ങൾ | * സാമൂഹിക പങ്കാളിത്തത്തോടെ ജനകീയമാക്കൽ |
| * വിദ്യാരംഗം കലാ സാഹിത്യ വേദി | * പൂച്ചെടികൾ | * കോർണർ PTA |
| * ബാലസഭ | * പച്ചക്കറി തോട്ടം | |
| * സ്കോളർഷിപ്പ് പരീക്ഷ | * പാർക്ക് | |
| * ക്ലബ് പ്രവർത്തനങ്ങൾ | * Solar system | |
| * കബ് - ബുൾബുൾ സംവിധാനങ്ങൾ | | |
| * പഠനയാത്ര | | |
| * ഫീൽഡ് ട്രിപ്പ് | | |
| * സ്കൂൾ തല മേളകൾ | | |

| പ്രവർത്തനങ്ങൾ | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| സന്നദ്ധതാ പ്രവർത്തനങ്ങൾ | വാചികം - എഴുത്ത് എന്നിവയിലൂടെ ഓരോ വിഷയത്തിലേയും പ്രതീക്ഷിത നിലവാര പഠനം / സ്കൂൾ തലത്തിൽ തയ്യാറാക്കിയ ടൂൾ ഉപയോഗിച്ച് പ്രീ ടെസ്റ്റ് | ജൂൺ ആദ്യ വാരം | ക്ലാസ് ടീച്ചർ |
| പ്രീടെസ്റ്റ് ഫല വിശകലനവും ആസൂത്രണവും | ഓരോ ക്ലാസ് അധ്യാപകനും SRG മീറ്റിങ്ങിൽ ഫലം അവതരിപ്പിക്കുന്നു. തുടർ പ്രവർത്തനം ആസൂത്രണം ചെയ്യുന്നു | ജൂൺ ആദ്യവാരം | SRG |
| പരിഹാര ബോധന പ്രവർത്തനങ്ങൾ | Teaching manual അക്കാദമിക മാസ്റ്റർ പ്ലാൻ പ്രവർത്തന ധിഷ്ഠിത രീതിയിൽ തയ്യാറാക്കൽ. പ്രതികരണം/റിഫ്ലക്ഷൻ നോട്ട് SRG കിൽ ചർച്ച ചെയ്യൽ | അധ്യയന വർഷം മുഴുവൻ | SRG |
| Weekly progress report | ദിവസവും വിലയിരുത്തൽ രേഖപ്പെടുത്തൽ | 1 വർഷം | ക്ലാസ്സ് ടീച്ചർ |

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല |
| --- | --- | --- | --- |
| യൂണിറ്റ് അസൈൻമെന്റ് | ഓരോ പാഠം കഴി യുമ്പോഴും വാചിക മായും എഴുത്തി ലൂടെയും പ്രതീ ക്ഷിത പഠനനേട്ടം വിലയിരുത്തൽ തുടർ പ്രവർത്തനം ആസൂത്രണം ചെയ്യൽ | പ്രതിമാസം | ക്ലാസ് അധ്യാപ കൻ |
| പോർട്ട് ഫോളിയോ വിലയിരുത്തൽ | നിശ്ചിത സൂചക ങ്ങൾ അനുസരിച്ച് നോട്ടുബുക്ക് പോർ ട്ട് ഫോളിയോ വില യിരുത്തൽ | പ്രതിമാസം. | ക്ലാസ് അധ്യാപ കൻ |
| ടേം മൂല്യ നിർണയം. | സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഉത്തര പേപ്പറു കൾ വിശകലനം ചെയ്ത് തുടർ പ്രവർത്തനം ആസൂ ത്രണം ചെയ്യൽ | ടേം പരീ ക്ഷയ്ക്ക് ശേഷം ഓരോ ടേമിലും | SRG |
| പ്രത്യേക പരി ഗണന അർഹി ക്കുന്ന CWSN കുട്ടികളുടെ പഠനശേഷി ഉറപ്പുവരുത്തൽ | പഠനപ്രവർത്തന ങ്ങൾ അനുരൂപീ കരണം നടത്തി നടപ്പിലാക്കൽ, വ്യക്തി അധിഷ്ഠിത പഠനം ഉറപ്പാക്കൽ | നിരന്തരം | വിഷയാ ധ്യാപകർ |

* കുട്ടികൾക്ക് വാചികമായി ഭാഷ പ്രയോഗിക്കാനുള്ള കഴിവ് കുറവാണ്.
* വാക്കുകളും വാക്യങ്ങളും എഴുതിക്കുമ്പോൾ ധാരാളം തെറ്റുകൾ വരുത്തുന്നു.
* വായനാശീലം വളരെ കുറവാണ്.
* സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കുന്നതിനുതകുന്ന സർഗവേളകളിൽ പങ്കാളിത്തം കുറവാണ്.
* സംഖ്യാബോധവും ക്രിയാശേഷികളും പൂർണമായി നേടാനായിട്ടില്ല.
* ഇംഗ്ലീഷ് ഭാഷ സ്വായത്തമാക്കാൻ കഴിഞ്ഞിട്ടില്ല.

## അക്കാദമിക മാസ്റ്റർപ്ലാൻ പ്രവർത്തനലക്ഷ്യങ്ങൾ

* ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി കുറവ്.
* എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
* എല്ലാ കുട്ടികളുടെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
* വർഷാവസാനം സ്വന്തമായ ലേഖനത്തിലേക്ക് വെച്ചിടുകയും വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക.

* സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണത്തിനുള്ള വേദി ഒരുക്കുക.
* സംഖ്യാബോധം വളർത്തുകയും സംഖ്യകളെ വ്യാഖ്യാനിക്കുന്നതിനുള്ള കഴിവ് നേടുകയും ചെയ്യുക.
* ചതുഷ്ക്രിയകൾ കൃത്യമായി കണ്ടെത്തുന്നതിനുള്ള പ്രാപ്തി നേടുക.
* ഇംഗ്ലീഷ് ഭാഷ അനായാസമായി ഉപയോഗിക്കാനുള്ള കഴിവ് നേടുക.

ഈ ലക്ഷ്യങ്ങൾ മുൻ നിറുത്തി 2024-25 അധ്യയന വർഷത്തിൽ തയ്യാറാക്കിയ സ്കൂൾ തല മാസ്റ്റർ പ്ലാനാണ് താഴെ കൊടുത്തിരിക്കുന്നത്.

**മുന്നൊരുക്കം:-**

* ക്ലാസുകളിലെത്തിയ ഓരോ കുട്ടിയുടെയും പഠന നിലവാരം മറ്റുവിവരങ്ങൾ രക്ഷിതാക്കളിൽ നിന്നും മനസിലാക്കുന്നു. പ്രീടെസ്റ്റ് നടത്തുന്നു.
* കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ രക്ഷിതാവിനെ ബോധ്യപ്പെടുത്തി കൂടുതൽ മികച്ചവ ലഭ്യമാക്കുന്നതിന് അവസരമുണ്ടാക്കുന്നു.
* അക്കാദമിക മാസ്റ്റർ പ്ലാൻ നിർവഹണത്തിൽ PTA മെമ്പർമാരുടെ സഹകരണം ഉറപ്പാക്കുന്നു.

# അമ്മമലയാളം

വായനയുടെ വാതായനങ്ങൾ തുറക്കുന്ന, വായനയുടെ ലോകത്തേക്ക് കുട്ടികളെ കൈപിടിച്ച് നടത്താൻ സഹായിക്കുന്ന ഭാഷാപഠനം ഉണർവും താൽപ്പര്യജനകവും, ഒപ്പം മനസ്സുകളിൽ മായാതെ നിൽക്കുന്നതിനായി പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ, ആസ്വാദനോത്സവം, ചങ്ങലവായന എന്നിവ ഈ അധ്യയന വർഷം പരിചയപ്പെടുത്തുന്നു. രക്ഷിതാക്കൾ തങ്ങളുടെ മക്കൾക്ക് വേണ്ടിയുള്ള പഠനോപകരണങ്ങൾ നിർമ്മിച്ച് നൽകുന്നു. കുട്ടികളെയും, രക്ഷിതാക്കളെയും ഒരുപോലെ കൂട്ടിയോജിപ്പിക്കുന്നതിന് സചിത്രനോട്ട്ബുക്ക്, സംയുക്ത ഡയറി, രചനോത്സവം, വായനോത്സവം, ഭാഷോത്സവം എന്നീ പ്രവർത്തനങ്ങൾ നൽകുന്നു. കേട്ടും വായിച്ചും ഗ്രഹിക്കുക, പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുക എന്നീ പ്രധാന ഭാഷാശേഷികളെ ക്രമാനുഗതമായി വികസിപ്പിച്ച് സാഹിത്യലോകത്തിന്റെ വിശാലപാതയിലേക്ക് നയിക്കാൻ മലയാള ഭാഷാപഠനംകൊണ്ട് കഴിയുന്നു. തന്റെയും സമൂഹത്തിന്റെയും ഉന്നമനത്തിന് ശക്തമായ ഉപകരണമായി ഭാഷ ഉപയോഗിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക എന്നതാണ് ആത്യന്തിക ലക്ഷ്യം. അത്തരത്തിലുള്ള പ്രവർത്തനങ്ങളാണ് പ്രൈമറി ക്ലാസ്സുകളിൽ നൽകുന്നത്.

| പ്രവർത്തനങ്ങൾ | കാലയളവ് | ചിലവ് |
|---|---|---|
| 1 മുതൽ 4 വരെ ക്ലാസുകളിൽ മലയാളം അക്ഷരങ്ങളും, ചിഹ്നങ്ങളും ഉറപ്പിക്കുന്നതിനായി പ്രവർത്തനങ്ങൾ നൽകുന്നു. സചിത്രനോട്ട് ബുക്കും, സംയുക്ത ഡയറിയും ഇതോടൊപ്പം നൽകുന്നു. | | |
| ലക്ഷ്യങ്ങൾ | | |
| ഗവേഷണാത്മക ഉദ്യമത്തിന്റെ ഭാഗമായി ഭാഷ സമ്പുഷ്ടീകരണത്തിലൂടെ വാക്യങ്ങൾ - വാക്കുകൾ - അക്ഷരങ്ങൾ എന്നിവ പരിചയപ്പെടാൻ (സചിത്ര പാഠാവലി) | 1 വർഷം | |
| കുട്ടികളും, രക്ഷിതാക്കളും ചേർന്ന് കുട്ടികളുടെ സ്വന്തം അനുഭവങ്ങൾ വിവരിക്കുകയും, ലേഖന പ്രക്രിയയിലൂടെ അനുഭവവിവരണം (സംയുക്ത ഡയറി) | 1 വർഷം | |
| കുട്ടികളെ മികച്ച വായനക്കാരാക്കി മാറ്റുന്നതിന് പുസ്തകങ്ങളുടെ ലോകത്തേക്ക് (വായനോത്സവം) | 1 വർഷം | |
| വ്യത്യസ്തമായ സർഗ്ഗാത്മക കഴിവുകൾ പ്രകടിപ്പിക്കൽ | | |

| പ്രവർത്തനങ്ങൾ | കാലയളവ് | ചിലവ് |
|---|---|---|
| പാഠപുസ്തകത്തിൽ കഥകൾ, പാട്ടുകൾ കവിതകൾ, അഭിനയഗാനങ്ങൾ എന്നിവ സംഘമായും ഒറ്റയ്ക്കും, ഈണമായും, ഭാവത്തോടെയും അവതരിപ്പിക്കുന്നതിന് | | |
| പാട്ടരങ്ങ് | | |
| നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച് പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. നിർമ്മിച്ച വസ്തുക്കളുടെ ശേഖരണ സഞ്ചി. | 1 വർഷം | |
| മഞ്ചാടി സഞ്ചി | | |
| കഥയുടെ പുനരാവിഷ്കാരം, വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെയും, പ്രോപ്പർട്ടികളുടെ സഹായത്തോടെയും അവതരിപ്പിക്കാൻ അവസരം. തിയേറ്റർ സാധ്യതകൾ, വായനാമൂലകൾ എന്നിവ ഉപയോഗിച്ച് വായനയുടെ ലോകത്തിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കൽ | 1 വർഷം | |
| റീഡേഴ്സ് തിയേറ്റർ | | |

| പ്രവർത്തനങ്ങൾ | കാലയളവ് | ചിലവ് |
|---|---|---|
| 2.10 ക്ലാസ്സ് | | |
| എല്ലാ കുട്ടികൾക്കും തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവ് നേടുന്നു. അതോടൊപ്പം ചെറു വാക്യങ്ങൾ ഉൾപ്പെട്ട രചനകൾ വായിക്കാൻ കഴിവുനേടുന്നു. | | |
| 'രക്ഷിതാക്കളുടെ പിന്തുണയോടെ സചിത്രവായന തയ്യാറാക്കുന്നു" സചിത്രനോട്ട് ബുക്ക് ആകർഷകവും ലളിതമാക്കി പഠനം ഉറപ്പ് വരുത്തുന്നു. | 1 വർഷം | |
| വായനക്കുറിപ്പ്, മികച്ച ഗ്രന്ഥ നിലവാരമുള്ളവയാക്കി തീർക്കുന്നതിന് വായനോത്സവം നടത്തുന്നു. | 1 വർഷം | |
| ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയിലേക്കും, അതോടൊപ്പം കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും, ഭാവാത്മക വായനയിലേക്കും നയിച്ച് ഭാഷാവികാസത്തിന് സാധ്യതയൊരുക്കുന്ന മലയാളമധുരം | 1 വർഷം | |
| കുട്ടികളിൽ സർഗ്ഗബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാക്കാൻ പാട്ടരങ്ങ് | 1 വർഷം | |
| ലഘുവിവരണങ്ങൾ, കഥകൾ, കവിതകൾ, സംഭാഷണം, തുടങ്ങിയ ഭാവങ്ങളറിഞ്ഞ് ആശയം ഉൾക്കൊണ്ട് വായിക്കാൻ റീഡേഴ്സ് തിയേറ്റർ | 1 വർഷം | |

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- |
| **3-10 ക്ലാസ്**<br>മാതൃഭാഷയിലെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ എഴുത്തും, വായനയും ശക്തമാക്കൽ.<br><br>സർഗ്ഗാത്മകരചനകൾ, വായനക്കാർഡുകൾ ചിത്രം - അടിക്കുറിപ്പ്, കഥപറയൽ കഥ - പൂർത്തിയാക്കൽ ICT സാധ്യത. വായനമൂല, വായനോത്സവം പത്രവായന, അക്ഷരവായന, പതിപ്പ്, വായനക്കുറിപ്പ്, മാഗസിൻ, കൂട്ടവായന, പത്രവായന, റീഡേഴ്സ് തിയേറ്റർ, സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, ചുമർപത്രിക, വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, ചുമർപത്രിക, നാടകീകരണം, എഴുത്തുപെട്ടി, ചിത്രം - കഥ എഴുതൽ, ദിനാചരണങ്ങൾ, സന്ദേശവാക്യം, പ്രസംഗം | 1 വർഷം. | |

| പ്രവർത്തനങ്ങൾ | കാലയളവ് | ചർച്ച |
|---|---|---|
| 4-10 ക്ലാസ് സമഗ്ര ശിക്ഷാകേരള വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നാലാം ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും, കാവ്യാസ്വാദനം, ആശയ ഗ്രഹണം, അവതരണം എന്നിവയിൽ മികവുണ്ടാക്കുന്നതിനായി ആവിഷ്കരിക്കുന്നതാണ് കാവ്യോത്സവം. കാവ്യോത്സവത്തിലൂടെ കടന്നുപോകുന്ന കുട്ടികൾക്ക് ഈണവും, താളവും, ആശയവും ഉൾക്കൊണ്ട് വരികൾക്ക് രൂപം നൽകാനും, കൂട്ടിച്ചേർക്കാനും കഴിയുന്നു. | | |
| പരിചയപ്പെട്ട ഈണവും താളവും ഉപയോഗിച്ചുകൊണ്ട് വാക്കുകൾ കൂട്ടിച്ചേർത്ത്, സ്വന്തമായി പാട്ടുകൾ എഴുതി ആലപിക്കാനും, പൊതുവേദിയിൽ അവതരിപ്പിക്കാനും കാവ്യോത്സവം. | 1 വർഷം | |
| കുട്ടികളുടെ വായനാശേഷി വികസിപ്പിക്കുന്നതിനും, ഭാവം ഉൾക്കൊണ്ടുള്ള സ്വന്തം ശ്രാവ്യവായന മെച്ചപ്പെടുത്തുന്നതിനും റീഡേഴ്സ് തിയേറ്റർ പ്രവർത്തനം നടത്തുന്നു. | 1 വർഷം | |
| സ്വന്തം അനുഭവത്തെ അടിസ്ഥാനമാക്കി, സ്വന്തമായ രചനാശേഷി വികസിപ്പിക്കുന്നതിലൂടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും | | |

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- |
| സർഗ്ഗാത്മക ശേഷി വികസിപ്പിക്കുന്നതിനായി സർഗ്ഗാത്മക ഡയറി | 1 വർഷം. | |
| വായനയെ മികവുറ്റതാക്കുന്നതിനും, കുട്ടികളിൽ വായനയിൽ താൽപര്യം ഉണർത്തുന്നതിനുമായി ചങ്ങലവായന | | |
| അക്ഷരങ്ങൾ തിരിച്ചറിഞ്ഞ്, വാക്യങ്ങൾ, വാചകങ്ങൾ വായിക്കുന്നതിനും, എഴുതുന്നതിനും<br>• അക്ഷരശുദ്ധിയോടെ എഴുതാൻ, വായിക്കാൻ കഴിവുണ്ടാക്കുക-<br>* സ്വന്തമായി അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ അവസരങ്ങൾ സൃഷ്ടിക്കുക.<br>* വ്യത്യസ്തമായ അക്ഷരങ്ങൾ ആവർത്തിപ്പിക്കുക. | | |
| സർഗ്ഗാത്മക രചനകൾ സൃഷ്ടിക്കൽ. അക്ഷരകാർഡ്, പദകാർഡ്, കഥ, കവിത, നാടകം, പ്രസംഗം, ICT, ഉപകരണങ്ങൾ കണ്ടെത്തിക്കൽ. | | |

# 'ഗണിതം മധുരം'

വസ്തുക്കളെ സംഖ്യകളുപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതിനാണ് ഗണിതത്തിൽ പ്രധാനമായും ഊന്നൽ നൽകുന്നത്. ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിത ശാസ്ത്രപഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. ഗണിതത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താതെ ഒരു ദിവസം പോലും കടന്നുപോകുന്നില്ല. ഗണിത ശാസ്ത്രപഠനം ചിന്തയെ തെളിമയുള്ളതാക്കുന്നു. വസ്തുക്കളെ ശാസ്ത്രീയമായി അപഗ്രഥിക്കുകയും ചെയ്യുന്നു. മറ്റു വിഷയങ്ങളുടെ പഠനത്തിൽ ഗണിത ശാസ്ത്രം അവിഭാജ്യ ഘടകമായി മാറുകയും ചെയ്യുന്നുണ്ട്. അതുകൊണ്ടുതന്നെ ഗണിതപഠനത്തിന്റെ ഉള്ളടക്കം ദൈനംദിന പ്രശ്ന പരിഹാരത്തിന് പ്രാപ്തമാക്കുകയും മറ്റു വിഷയങ്ങളുടെ പഠനത്തിന് സഹായകരമാകുകയും ചെയ്യുന്നു. യുക്തി ചിന്താ വികാസത്തിനും സഹായകരമായ പ്രവർത്തനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്.

| ഉപകൃത്യങ്ങൾ | | |
|---|---|---|
| 1-ാം ക്ലാസ്<br>ഒറ്റസംഖ്യയും ഇരട്ടസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിതപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനും, സംഖ്യാബോധം ആരോഹണാവരോഹണക്രമം പാറ്റേൺ എന്നിവ മനസിലാക്കുന്നതിനും വേണ്ടിയുള്ള കഴിവ് നേടുന്നതിന്, മഞ്ചാടിസഞ്ചി, സംഖ്യാകാർഡ്, കമ്പ്കെട്ട് തുടങ്ങിയവ ഉപയോഗിക്കുന്നു.<br>ആരോഹണാവരോഹണക്രമം, ഇരട്ടസംഖ്യ, ഒറ്റസംഖ്യ, സങ്കലനം വ്യവകലനം തുടങ്ങിയവ.<br>2-ാം ക്ലാസ്<br>രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.<br>× സംഖ്യാബോധം, പാറ്റേൺ, ആരോഹണാവരോഹണക്രമം സ്ഥാനവില, സങ്കലനം, വ്യവകലനം | 1 വർഷം | ക്ലാസധ്യാപകർ |

| | | |
|---|---|---|
| 3-ാം ക്ലാസ്<br>മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക സംഖ്യകൾ എഴുതാനും വ്യാഖ്യാനിക്കാനുമുള്ള ശേഷി ഉറപ്പാക്കുന്നതോടൊപ്പം ചതുഷ്ക്രിയകൾ ചെയ്യുന്നതിനുള്ള വിവിധരീതികൾ പരിചയപ്പെടുന്നു. ഓരോ മൂന്നാം ക്ലാസിലും പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ നിർമ്മിച്ച് ഗണിതമൂല നിർമ്മിക്കുന്നു. അവ ഉപയോഗപ്പെടുത്തി ഗണിതപഠനം ലളിതവും രസകരവുമാക്കുന്നു. | 1 വർഷം | ക്ലാസധ്യാപകർ |
| 4-ാം ക്ലാസ്<br>1 മുതൽ 100 വരെ എഴുതാനും പറയാനും പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യാൻ കഴിവ് നേടുന്നു. ജ്യാമിതീയ രൂപങ്ങളുടെ അളവുകൾ കണ്ടെത്താനും വരയ്ക്കാനും മാന്ത്രികചതുരം പാറ്റേൺ കണ്ടെത്തൽ നിരീക്ഷണത്തിലൂടെ കണ്ടെത്തൽ കഴിവ് നേടുന്നു. | 1 വർഷം | ക്ലാസധ്യാപകർ |

# ENGLISH - "Rock & Learn"

Language is a means of communication. It is a system with its own rules and conventions. It enables us to make sense of our identity and the larger world around us.

Learners are at the center of the teaching learning process. Learners assessment is a continuous process and an integral part of learning Information Communication Technology [I.C.T] helps the children to trigger the imagination of the learners and make learning a pleasurable. Experience vocabulary is needed for the enrichment of the thought or language. Learning resources are essential for the effective transactions. Learning aids, display board, Computer lab Library, multimedia devices.... all these are helpful for the learners. Besides there are Several platforms in schools, where the hidden talents of the learner can be showcased, like assembly, group discussion Seminar, study tour etc.

| Activities. | Duration | Charges. |
|---|---|---|
| * Alphabets Song. | | Class Teacher |
| * Word Cards. | | |
| * Picture Cards | 1 year. | SRG. |
| * Word web | | English Teacher. |
| * Picture reading. | | |
| * Picture description | | |
| * Word pyramid | | |
| * Picture stories | | |
| * Rhymes | | |
| * Action words. | | |
| * Grammar classes | | |
| * Naming words | | |
| * Introducing pronouns | | |
| * Introducing vowels. | | |
| * Use reading cards | | |
| * All activities are done by the pupil first. [Descriptions, picture story, Thoughts, conversation etc] | | |

# ENGLISH

| | |
|---|---|
| • Introduction of simple words & make picture cards | June – July |
| • Read and write familiar words and understanding their sounds | June - March |
| • Enjoy songs and sings them with rhythm and action. | June - March |
| • Engage in games and understand the instruction told by the teacher. | July - February |
| • Describe familiar objects | August - October. |

# Standard II
## English Activities

| Activities | Duration |
|---|---|
| 1) Learning sounds | June - July |
| 2) Language games | June - February |
| 3) Spell bee 2k25 | June - March |
| 4) Let's talk | July - March |

# English

Aim: To read and write simple sentences
To describe a picture
To communicate in simple language.

| | Activities | Duration | Duty |
|---|---|---|---|
| 1. | Introduces simple communicative words / Sentences and give chance to communicate (Please move, May I get in) | June | |
| 2. | Learning sounds<br>By playing the phonic songs for children and learns the alphabets and its sounds clearly. | | |
| 3. | Introduce phonic sounds of vowels and consonants.<br>Give chances to pronounce phonic sounds. | | |
| 4. | Introducing spell bee programme.<br>[To improve vocabulary in English] | July & August. | |
| 5. | Word family<br>Introduce rhyming words like cat, bat, rat (at) Ben, Hen, ten (-en)<br>Finds more words related to word family from text book and other reading materials. | September | |

| | | |
|---|---|---|
| **Word sun of Reading**<br>Making word sun related to each word family<br>Arrange the words in alphabetic order.<br><br>**World of words**<br>Making dictionary using words from word family.<br>**Let's read**<br>Try to read simple words using phonic sounds.<br>Teacher provides letter cards and ask them to make meaning ful words.<br>Introduce the structure of sentences.<br>**Let's read**<br>Reading reading cards.<br>Teacher gives simple reading cards and asks them to read aloud.<br>**Description**<br>Describe about simple things in simple sentence. | October<br>November<br>December<br>January<br>February<br>March | |

Aim:-

To learn, Speak, Read & write English easily.

Activities

learning:-

Story telling
Games
Picture reading
listen instructions

Speaking

Conversation
Picture description
Self introduction

Reading:-

Reading cards
Story reading
News Paper reading [Head lines]
Speech bubbles

Writing:-

Picture story
Diary
Announcement
Thought
Word web, Growing sentences.

# ഹരിതാമൃതം

ലക്ഷ്യം - പരിസര നിരീക്ഷണങ്ങളിൽ നിഗമനങ്ങൾ ഉണ്ടാക്കുക. പ്രോജക്ടുകളിൽ ഏർ ചെയ്യാൻ കഴിയുന്നു.

| പ്രവർത്തനങ്ങൾ | | |
| --- | --- | --- |
| പ്രകൃതി നിരീക്ഷണം<br>പ്രകൃതിസംരക്ഷണത്തിന്റെ ആവശ്യകത മനസിലാക്കൽ<br>* തരംതിരിക്കൽ, വർഗ്ഗീകരണം<br>ജലസംരക്ഷണം<br>പോസ്റ്റർ<br>സർവ്വേ കാർഡുകൾ<br>റാലി,<br>ബോധവത്കരണ ക്ലാസുകൾ<br>പ്രോജക്ട്<br>പരിസര നിരീക്ഷണങ്ങൾ<br>നിഗമനങ്ങൾ രൂപീകരിക്കൽ | ഒരു വർഷം | 3, 4<br>ക്ലാസ് അധ്യാപകർ |

# EVS

| മാസം | പ്രവർത്തനങ്ങൾ | പിന്തുണ |
|---|---|---|
| June | നിരീക്ഷണം - ചെടികൾ, പൂക്കൾ<br>വിത്ത് മുളപ്പിക്കൽ<br>പരിസ്ഥിതി ദിനാചരണം<br>ഹരിതക്കാർഡ് | SRG |
| July | നിരീക്ഷണം - വിത്യസ്തതരം ജീവികൾ, മണ്ണ്.<br>ചിത്രശേഖരണം - ജീവികൾ, മണ്ണ്<br>ജൈവ വൈവിധ്യ നിർമ്മാണം | PTA<br>SRG |
| വർഷം മുഴുവൻ | സ്കൂൾ ഹെർബൽ ക്ലബ്ബ് പ്രവർത്തനങ്ങൾ | SRG, PTA |
| August | മഴമാപിനി നിർമ്മാണം, poster, സർവ്വേ, നിരീക്ഷണം, കുട നിർമ്മാണം, പരീക്ഷണങ്ങൾ, [illegible] തയ്യാറാക്കൽ | SRG<br>PTA |
| September | ശുചിത്വ പോസ്റ്റർ, ആരോഗ്യ സെമിനാർ, ഇന്റർവ്യൂ - ആരോഗ്യ പ്രവർത്തകർ | SRG<br>PTA |
| october | ഫീൽഡ് ട്രിപ്പ് -<br>Food festival<br>പച്ചക്കറിത്തോട്ടം ഒരുക്കൽ<br>ഭക്ഷണശീലം - poster | SRG<br>PTA<br>MPTA |

| | | |
|---|---|---|
| November | റോൾ പ്ലേ - റോഡ് നിയമങ്ങൾ<br>First aid Kit – Readers theatre<br>ആരോഗ്യവിദഗ്ദരുടെ ക്ലാസ്സ്<br>സ്വയം സുരക്ഷ. Paper cuttings. | PTA<br>SRG |
| December | പരീക്ഷണങ്ങൾ, ലാമ്പ് നിർമ്മാണം.<br>ദേശീയ പതാക വരയ്ക്കൽ, ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ, ഭൂപട വായന,<br>ചിത്രരചന - എന്റെ ഭൂഗോളം<br>ഭൂപ്രകൃതി - globe | SRG<br>PTA |
| January<br>February | ജീവികളുടെ കൂടുകൾ -<br>ചിത്രശേഖരണം -<br>Album - വ്യത്യസ്തതരം വീടുകൾ<br>സന്ദർശനം - വീട് നിർമ്മാണങ്ങളും<br>സർവ്വേ - വ്യത്യസ്തതരം ജോലികൾ<br>ഇന്റർവ്യൂ. - പൈതൃകസ്ഥാനം-Visit | SRG<br>PTA |
| March | പഠനോത്സവം | PTA MPTA<br>SRG, SSK |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | വിലയിരുത്തൽ | |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | * പ്രകൃതിനടത്തം | * ചിത്രശലഭങ്ങൾ ജീവജാലങ്ങളെ തിരിച്ചറിഞ്ഞ് പ്രത്യേകതകൾ, ആവാസവ്യവസ്ഥകൾ, ജീവിതത്തിന്റെ ഘട്ടങ്ങൾ, പരസ്പരാശ്രയത്വം എന്നിവ മനസ്സിലാക്കുന്നു.<br><br>പ്രകൃതിക്ക് ദോഷം ചെയ്യുന്ന മനുഷ്യന്റെ ഇടപെടലുകൾ മനസ്സിലാക്കുന്നു. പ്രതിവിധികൾ കണ്ടെത്തുന്നു.<br><br>വായുമലിനീകരണം, ജലമലിനീകരണം, മണ്ണ് മലിനീകരണം എന്നിവ കൊണ്ടുള്ള ദൂഷ്യഫലങ്ങൾ, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയവയുടെ അനന്തരഫലങ്ങൾ മനസ്സിലാക്കുകയും, മുൻകരുതലുകൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുന്നു. | | |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | |
|---|---|---|---|---|
| * ദേശീയബോധം വളർത്തുന്നു.<br>* ചരിത്രാന്വേഷണ താൽപര്യം വളർത്തുന്നു. | * സ്വാതന്ത്ര്യസമരത്തിലൂടെ തിരിച്ചറിയുന്നു.<br>* പതിപ്പ് തയ്യാറാക്കുന്നു.<br>* ഇന്ത്യയുടെ ഭൂപടം തയ്യാറാക്കുന്നു.<br>* സംസ്ഥാനങ്ങൾ, കേന്ദ്രഭരണപ്രദേശങ്ങൾ തിരിച്ചറിയുന്നു.<br>* ആൽബം തയ്യാറാക്കുന്നു<br>* ദേശീയ കലകൾ, ചിഹ്നങ്ങൾ എന്നിവ കണ്ടെത്തുന്നു. | സ്വാതന്ത്ര്യത്തിനായി ഇന്ത്യയിലും, കേരളത്തിലും നടന്ന സമരങ്ങളും, അതിന്റെ നേതൃനിരയിലുള്ളവരെയും മനസ്സിലാക്കുന്നു.<br>ഇന്നത്തെ ഇന്ത്യയുടെ സംസ്ഥാനങ്ങൾ, കേന്ദ്രഭരണപ്രദേശങ്ങൾ, തലസ്ഥാനങ്ങൾ എന്നിവ തിരിച്ചറിയു<br>ഇന്ത്യയിലെ വ്യത്യസ്ത ഭാഷ, വേഷം, കലകൾ, ചിഹ്നങ്ങൾ എന്നിവ മനസ്സിലാക്കുന്നതിലൂടെ നാനാത്വത്തിൽ ഏകത്വം എന്ന ചിന്ത വളർത്തുന്നു. | | |

| ഉള്ളടക്കം | പ്രവർത്തനങ്ങൾ | പ്രവർത്തന വിലയിരുത്തൽ | കാലയളവ് | |
|---|---|---|---|---|
| നിരീക്ഷണ പേര് നാമത്തിൽ ചേർക്കുന്നു. | ☆ ഉറുമ്പിനെ നിരീക്ഷണം.<br>☆ ഉറുമ്പുകളുടെ ചിത്രം ശേഖരിച്ച് ആൽബം തയ്യാറാക്കുന്നു<br>☆ ഉറുമ്പുകളുടെ ജീവൻ ശൈലികൾ<br>☆ വരെ നമ്മ ടീച്ചറുടെ ഉറുമ്പുകളുടെ പേരുകൾ കണ്ടെത്തുന്നു. | ഉറുമ്പ് നിരീക്ഷണത്തിന് ശേഷം നൽകുന്നു. ഉറുമ്പുകളുടെ പ്രത്യേകതകൾ കണ്ടെത്തുന്നു.<br>ഉറുമ്പുകളുടെ പ്രയാണം. ഉറുമ്പുകളുടെ സഹകരണത്തിന്റെ ആവശ്യകത മനസ്സിലാക്കുന്നു.<br>ഉറുമ്പ് നിരീക്ഷകർ, ഉറുമ്പിനങ്ങൾ പേരുകൾ കണ്ടെത്തുന്നു. പേരുകൾ ഉൾക്കൊള്ളുന്നു. | | |
| ജീവിതചക്രം കാണിച്ചുള്ള ചാർട്ട് | ☆ വിവിധ ജീവികളെ തിരിച്ചറിയുന്നു.<br>☆ ജീവചക്ര നിർമ്മാണം.<br>☆ ചാർട്ട് തയ്യാറാക്കുന്നു. | ജീവചക്രത്തിൽ ഉൾപ്പെടുന്ന, ജീവികളുടെ അവസ്ഥകളിലുള്ള വ്യത്യസ്ത ഘട്ടങ്ങൾ തിരിച്ചറിയുന്നു.<br>തവള, ചിത്രശലഭം, തേനീച്ച എന്നിവയെ കാണിച്ചുള്ള | | |

# ICT മേഖലയിലെ പ്രവർത്തനങ്ങൾ

ലക്ഷ്യം: കമ്പ്യൂട്ടർ പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിനും കുട്ടികളെ പഠനത്തിൽ തൽപരരാക്കുന്നതിനും പഠനത്തിനും മറ്റു മേഖലകളിലും പിന്നോക്കം നിൽക്കുന്നവരെ മുൻ നിരയിൽ എത്തിക്കുന്നതിനും ഭിന്നശേഷിക്കാരായവരെ ഉയർത്തിക്കൊണ്ടു വരുന്നതിനും ICT പഠനം വളരെ സ്തുത്യർഹമായ പങ്ക് വഹിക്കുന്നുണ്ട്. പ്രോജക്ടർ, ലാപ്ടോപ്പ്, T.V എന്നിവ പ്രയോജനപ്പെടുത്തി അധ്യാപകർ പഠന പ്രവർത്തനങ്ങൾ നൽകുന്നു. കളിപ്പെട്ടി [Play Box] ഉപയോഗിച്ച് കമ്പ്യൂട്ടറിലൂടെ കളിച്ച് ഉത്തരം കണ്ടെത്തി അറിവു നേടുന്നു.

## ഭിന്നശേഷി സൗഹൃദ വിദ്യാലയം

ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തി അവരുടെ അഭിരുചികൾ മനസ്സിലാക്കി വേണ്ട പഠനപ്രവർത്തനങ്ങൾ നൽകി വരുന്നു. I.CT സാധ്യതകൾ പ്രയോജനപ്പെടുത്തി പഠന പ്രക്രിയകൾ നടത്തി വരുന്നു. അവർക്ക് താൽപര്യമുള്ള കളികളിലൂടെയും ഗണിതക്കിറ്റ് ഉപയോഗിച്ച് കളിച്ചും പഠനം രസകരമാക്കുന്നു. ഭിന്നശേഷി ദിനാചരണം Dec.3 ന് നടത്തി വരുന്നു. അവരുടെ സർഗാത്മക കഴിവുകൾ പ്രകടമാക്കാൻ അന്നേ ദിവസം അവസരം നൽകാറുണ്ട്.